## പതിന്നാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5655** **24.05.2017-ൽ മറുപടിക്ക്**

### സ്പെഷ്യാലിറ്റി -അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.പി. ജയരാജൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി-അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം നടപ്പിലാക്കിയത് എപ്പോഴാണ്; | (എ) ആരോഗ്യ വകുപ്പിൽ സ്പെഷ്യാലിറ്റി അഡ്മിനിസ്ട്രേറ്റീവ് കേഡർ സമ്പ്രദായം നടപ്പിലാക്കിയത് 2010 മുതലാണ്. |
| (ബി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കിയതിനെ തുടർന്ന് സ്പെഷ്യാലിറ്റി കേഡർ തെരഞ്ഞെടുത്ത മെഡിക്കൽ ഓഫീസർമാർക്ക് വിവിധ തസ്തികകളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടും തൊട്ടു മുകളിലുള്ള തസ്തികകൾ ഒഴിവുണ്ടായിട്ടും ഉദ്യോഗക്കയറ്റം ലഭിക്കാത്ത സാഹചര്യമുണ്ട് എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ആറുമാസത്തിനിടയിലോ ഒരു വർഷത്തിനിടയിലോ മാത്രം റിട്ടയർ ചെയ്യാൻ കാലാവധിയുള്ള നിരവധി മെഡിക്കൽ ഓഫീസർമാർക്ക് വകുപ്പ് തല പ്രൊമോഷൻ കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേർന്നു തീരുമാനമെട്ട | (സി) ഇത്തരം സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ശുപാർശകൾ ലഭ്യമാക്കിയിട്ടുള്ള വിഷയങ്ങളിൽ വകുപ്പ് തലസ്ഥാനക്കയറ്റ കമ്മിറ്റിയുടെ യോഗം ചേരാതെ തന്നെ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | ക്കാത്തതിനാൽ അർഹതപ്പെട്ട ഉദ്യോഗക്കയറ്റം ലഭിക്കാതെ ജോലിയിൽ നിന്ന് വിരമിക്കേണ്ടതായി വരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (ഡി) | എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ? | (ഡി) വകുപ്പ് തല പ്രമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള ശുപാർശകൾ ലഭ്യമാക്കിയിട്ടുള്ള, സൈക്ക്യാട്രി, ജനറൽ മെഡിസിൻ, ജനറൽ സർജറി എന്നീ വിഭാഗങ്ങളിൽ സൈക്ക്യാട്രി വിഭാഗത്തിൽ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, ജനറൽ സർജറി എന്നിവ സൂക്ഷ്മ പരിശോധനാ ഘട്ടത്തിലാണ്. മറ്റുള്ള സ്പെഷ്യാലിറ്റികളിൽ ശുപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**